'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - ഭൂരഹിത ഭവന രഹിതർക്കുള്ള പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള - കർമ്മ പദ്ധതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Ms)No.93/2019/LSGD തീയതി,തിരുവനന്തപുരം, 18/07/2019

---

പരാമർശം:- 1 31.07.2017 ലെ സ.ഉ (എം.എസ്)നം.151/2017/ത.സ്വ.ഭ.വ.

2 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 15.07.2019 തീയതിയിലെ എൽ.എം.3/2019/ലൈഫ് നമ്പർ കുറിപ്പ്.

<u>ഉത്തരവ്</u>

സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖയ്ക്ക് തുടർച്ചയായി, , അനുബന്ധമായി ചേർത്തിരിക്കുന്ന കർമ്മ പദ്ധതി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംമ്പർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംമ്പർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

## ഭൂരഹിത ഭവനരഹിതർ - കർമ്മ പദ്ധതി

പരാമർശം : 1) 09.01.2017-ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ

2) 31.07.2017-ലെ സ.ഉ (എം.എസ്) നം. 161/2017/ത.സ്വ.ഭ.വ

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ അതിന്റെ മൂന്നാംഘട്ടമായി ലക്ഷ്യമിടുന്നത് ഭൂരഹിത ഭവനരഹിതരെയാണ്. സ്വന്തമായി ഭൂമി ഇല്ലാതെ വാടക വീടുകളിലോ പുറംപോക്ക് പ്രദേശങ്ങളിലെ അനധികൃത കുടിലുകളിലോ, തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവരാണ് ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിൽപ്പെടുന്നത്.

ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ നിലവിൽ 337416 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിലൂടെ പൂർണ്ണമായും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കേണ്ടതാണ്. നിലവിലെ പട്ടികയിൽ നിന്നും സ്വന്തമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെയും സ്വന്തമായി ഭൂമി കണ്ടെത്താൻ താൽപര്യമുള്ളവരെയും പട്ടികപ്പെടുത്തി 2019-20 സാമ്പത്തിക വർഷത്തിൽത്തന്നെ ഭവനം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. അർഹരായ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കായുള്ള കർമ്മ പദ്ധതി തയ്യാറാക്കി ലൈഫ് മിഷന്റെ അനുമതിയോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ഗുണഭോക്തൃ പട്ടികയിൽ നിന്നും സ്വന്തമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെയും സ്വന്തമായി ഭൂമി കണ്ടെത്താൻ കഴിയുന്നവരെയും കണ്ടെത്തി ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി (ലൈഫ് ഫേസ് - 2) 2019-20 സാമ്പത്തിക വർഷത്തിൽത്തന്നെ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പക്കലുള്ളതും വാസഗൃഹ നിർമ്മാണത്തിന് അനുയോജ്യവുമായ ചെറു പ്ലോട്ടുകളിൽ ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ഭൂമി നിലവിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമില്ലാത്തപക്ഷം ഭരണസമിതി തീരുമാനപ്രകാരം ലൈഫ് പദ്ധതിക്കായി (ക്ലസ്റ്റർ ഹോം/ ഭവനസമുച്ചയ നിർമ്മാണം) വിനിയോഗിക്കാവുന്നതാണ്.
- ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ എണ്ണത്തിനാനുപാതികമായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പദ്ധതി വിഹിതമോ തനത് ഫണ്ടോ അധികമായി വകയിരുത്താൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് പരമാവധി മൂന്ന് സെന്റ് ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിനുള്ള വ്യക്തിഗത പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള കർമ്മ പദ്ധതി ലക്ഷ്യമിടാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഭൂരഹിത ഭവനരഹിത കർമ്മ പദ്ധതി ഭരണസമിതി അംഗീകാരത്തോടുകൂടി ലൈഫ് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് സമയബന്ധിതമായി സമർപ്പിക്കേണ്ടതും ആയത് ക്രോഡീകരിച്ച് സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതുമാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂരഹിത ഭവനരഹിത കർമ്മ പദ്ധതി തയ്യാറാക്കി ലൈഫ് മിഷന് യഥാസമയം സമർപ്പിച്ചിട്ടുണ്ടെന്നും ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ /നഗരകാര്യ റീജിയണൽ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.